## കേരള സർക്കാർ

## ജലസേചന വകുപ്പ് ഹൈഡ്രോളജി വിഭാഗം

## ക്വട്ടേഷൻ പരസ്യം

നമ്പർ -ഡി.ബി. 39/2019-20

തീയതി-05.02.2019

ചെങ്ങന്നൂർ ഹൈഡ്രോളജി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസിൽ നിന്നും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പരസ്യപ്പെടുത്തുന്നത്.

ഈ ആഫീസിന്റെ പരിധിയിൽപ്പെട്ട താഴെ പറയുന്ന ഗേജിംഗ് സ്റ്റേഷനുകളിൽ നിന്നും അളവുകളും കണക്കുകളും എടുക്കുവാനും അതിനായി കൊടുത്തിട്ടുള്ള രജിസ്റ്ററുകളിൽ കൃത്യമായി അളവുകൾ തൽക്ഷണം രേഖപ്പെടുത്തുവാനും തൽസംബന്ധമായ റിപ്പോർട്ടുകൾ മേലധികാരികളുടെ നിർദ്ദേശപ്രകാരം ഓഫീസിൽ എത്തിക്കുവാനും സ്റ്റേഷന്റെ പരിസരം വൃത്തിയായി സൂക്ഷിക്കുവാനും ടി ആവശ്യങ്ങൾക്ക് തന്നിട്ടുള്ള ഉപകരണങ്ങൾ കൈപ്പറ്റി രസീത് കൊടുത്ത് കേടു വരാതെ സൂക്ഷിച്ച് കരാർ കാലാവധിക്ക് ശേഷം ചാർജ് ഓഫീസറെ തിരിച്ചേൽപ്പിക്കുവാനും കാലാകാലങ്ങളിൽ തരുന്ന നിർദ്ദേശങ്ങൾ നടപ്പാക്കാനുള്ള പ്രവർത്തികൾക്ക്, 2019 ഏപ്രിൽ മാസം 1-ാം തീയതി മുതലോ, നിർദ്ദേശിക്കുന്ന തീയതി മുതലോ, ഹൈഡ്രോളജി ചെങ്ങന്നൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും അറിയിപ്പ് ഉണ്ടാകുന്നവരെയോ അല്ലങ്കിൽ പരമാവധി 2019 മാർച്ച് മാസം 31 വരെയുള്ള 12 മാസ കാലയളവിലേക്ക് ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

മേൽ നിർദ്ദശിച്ചിരിക്കുന്ന പ്രവർത്തികൾക്ക് പുഴയിൽ സ്ഥാപിച്ചിട്ടുള്ള ഗേജുകൾക്കും ഫുൾ ക്ലൈമാറ്റിക് സ്റ്റേഷനുകൾക്കും ഓട്ടോമാറ്റിക്ക് ഗേജുകൾക്കും എസ്.ആർ.ജി സ്റ്റേഷനുകൾക്കും പ്രത്യേകം പ്രത്യേകം ചെയ്യേണ്ട പ്രവർത്തികൾക്ക് പ്രതിമാസം എത് നിരക്കിൽ ചെയ്യാമെന്ന് അക്കത്തിലും അക്ഷരത്തിലും എഴുതി പോസ്റ്റൽ അഡ്രസ്സും ചേർത്ത് നിശ്ചിത ഫോറത്തിൽ ചെങ്ങന്നൂർ ഹൈഡ്രോളജി സബ് ഡിവിഷൻ ആഫീസിൽ നിന്നും 11.02.2019 മുതൽ 11.02.2019 വരെ എല്ലാ പ്രവർത്തി ദിവസങ്ങളിലും സൗജന്യമായി അപേക്ഷകർക്ക് ലഭിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, വയസ്സ്, ജനന തീയതി എന്നിവ ക്വട്ടേഷനിൽ ചേർക്കേണ്ടതാണ്. പ്രവർത്തി ചെയ്യുന്നതിനുള്ള വേതനം സർക്കാരിൽ നിന്നും അനുവദിച്ച് തരുന്ന മുറയ്ക്ക് ബാങ്ക് അക്കൗണ്ട് വഴി തരുന്നതാണ്. ഗേജ് റീഡർക്ക് വേണ്ടിയുള്ള ക്വട്ടേഷൻ നൽകുന്നവർ അവരുടെ നിലവിലുള്ള ബാങ്ക് അക്കൗണ്ട് പേരും ഇനിഷ്യൽ സഹിതം തിരിച്ചറിയൽ കാർഡിലെ പേരും ഒന്നു തന്നെയാണന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഉപകരണങ്ങൾ നഷ്ടപ്പെടുത്തിയാൽ അതിന്റെ വില ക്വട്ടേഷനറിൽ നിന്നും ഈടാക്കുന്നതാണ്. ഒബ്സർവ്വർ റീഡിംഗ് എടുക്കുന്നതിന് അര മണിക്കൂർ മുൻപ് സ്ഥലത്ത് വരേണ്ടതും കൃത്യ സമയത്ത് റീഡിംഗ് എടുത്ത് രേഖപ്പെടുത്തേണ്ടതും ആകുന്നു. പുഴയിൽ സ്ഥാപിച്ചിരിക്കുന്ന ഗേജുകളുടെ അളവുകൾ കാലത്ത് 8 മണിക്കും, ഉച്ചയ്ക്ക് 12.00 നും വൈകിട്ട് 4 മണക്കും രേഖപ്പെടുത്തണം. മഴയുടെ അളവ് കാലത്ത് 8.30 നും രേഖപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും ഉപകരണങ്ങൾ കേടായി അളവുകൾ ലഭ്യമല്ലാത്ത കാലയളവിൽ വേതനം നൽകുന്നതല്ല. പ്രവർത്തിയുടെ കാലയളവിൽ എസ്റ്റിമേറ്റ് തുകയ്ക്ക് സർക്കാർ കുറവ് വരുത്തുന്ന പക്ഷം ആ തുകയ്ക്ക് ചെയ്തു തരേണ്ടതാണ്. കൂടാതെ അളവുകൾ എടുക്കേണ്ടതില്ലന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർദ്ദശിക്കുന്ന മുറയ്ക്ക് അത്തരം പ്രവർത്തികൾക്ക് വേതനം നൽകുന്നതല്ല.

സീൽ വെച്ച ക്വട്ടേഷനുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹൈഡ്രോളജി സബ് ഡിവിഷൻ ചെങ്ങന്നൂർ എന്ന വിലാസത്തിൽ 2019 ഫെബ്രുവരി 20-ാം തീയതി വൈകുന്നേരം 3.00 വരെ സ്വീകരിക്കുന്നതും അന്നേ ദിവസം 3.3.0ന് തുറക്കുന്നതും ആണ്. രേഖപ്പെടുത്തിയ റേറ്റിനോടൊപ്പം ക്വട്ടേഷണറുടെ മുൻപരിചയം വിദ്യാഭ്യാസ യോഗ്യത എന്നിവ കൂടി കണക്കിലെടുത്താവും തെരഞ്ഞെടുപ്പ് നടത്തുക. ഉയർന്ന അധികാരികളിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്കും ക്വട്ടേഷനുകൾക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്കും മാത്രമേ തുടർ നടപടികൾ സ്വീകരിക്കുകയുള്ളു. തെരഞ്ഞെടുക്കപ്പെട്ട ആൾ 200 രൂപാ മുദ്രപത്രത്തിൽ ഈ ആഫീസിൽ നിന്നും നിർദ്ദേശിക്കുന്ന ഉടമ്പടികൾക്ക് വിധേയമായി കരാർ പത്രം രണ്ട് സാക്ഷികൾ മുൻപാകെ ഒപ്പിട്ടു തരേണ്ടതും സ്റ്റേഷന്റെയും ഉപകരണങ്ങളുടേയും ചാർജുകൾ അതാത് അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ നിന്നും സ്വീകരിക്കേണ്ടതുമാകുന്നു. കരാർ ഉടമ്പടികൾക്ക് വിപരീതമായി കൃത്യ സമയത്ത് ജോലിക്ക് ഹാജരാകാതിരിക്കുകയോ ജോലി ചെയ്യാതിരിക്കുകയോ ചെയ്താൽ യാതൊരു മുന്നറിയിപ്പും കൂടാതെ ക്വട്ടേഷണറെ പിരിച്ചു വിടുന്നതും വേറെ ആളെ നിശ്ചയിക്കുന്നതുമാണ്. ഈ ജോലി 12 മാസ കാലയളവിലേക്ക് കരാറടിസ്ഥാനത്തിൽ മാത്രം നിശ്ചയിക്കുന്നതും സർക്കാറിൽ നിലവിലുള്ള മറ്റു വ്യവസ്ഥകളോ മറ്റാനുകൂല്യങ്ങൾ ഒന്നും തന്നെയോ ഇതിന് ബാധകമല്ലാത്തതുമാണ്.

കേരള ഗവർണ്ണർക്കു വേണ്ടി

Rajamani.k.k

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഹൈഡ്രോളജി സബ് ഡിവിഷൻ, ചെങ്ങന്നൂർ

Office of the Asst Executive Engineer
Water Resources Dept.
Chengannur
Date. 5/02/2019
Hydrology Sub Division

എൻ .എച്ച്. പി സ്റ്റേഷൻസ്

| നം | സ്റ്റേഷന്റെ പേര് | എത് തരം ഗേജ് | റിമാർക് |
|---|---|---|---|
| 1. | **ഹൈഡ്രോളജി സെക്ഷൻ നം.1** | | |
| | **മെറ്റീരിയോളജിക്കൽ സ്റ്റേഷൻസ്** | | |
| 1 | കൊല്ലകടവ് | എസ്.ആർ.ജി | |
| 2 | അമ്പലപ്പുഴ | എസ്.ആർ.ജി | |
| | **ഹൈഡ്രോളജിക്കൽ സ്റ്റേഷൻസ്** | | |
| 3 | കൊല്ലകടവ് | എ.ഡബ്യൂ.എൽ.ആർ | |
| | ഒബ്സർവർ | | |
| | ഹെൽപ്പർ-1 | | |
| | ഹെൽപ്പർ-2 | | |
| | **ഹൈഡ്രോളജി സെക്ഷൻ നം.2** | | |
| | **മെറ്റീരിയോളജിക്കൽ സ്റ്റേഷൻസ്** | | |
| 1 | മൂഴിയാർ | എസ്.ആർ.ജി | |
| 2 | നിലയ്ക്കൽ | എസ്.ആർ.ജി | |
| 3 | വടശ്ശേരിക്കര | എസ്.ആർ.ജി | |
| 4 | കുരുടാമണ്ണിൽ | എഫ്.സി.എസ് | |
| | **ഹൈഡ്രോളജിക്കൽ സ്റ്റേഷൻസ്** | | |
| 5 | തോണ്ടറ | എ.ഡബ്യൂ.എൽ.ആർ | |
| | ഒബ്സർവർ | | |
| | ഹെൽപ്പർ-1 | | |
| | ഹെൽപ്പർ-2 | | |
| 6 | മാരാമൺ | സ്റ്റാഫ് ഗേജ് | |
| | **ഹൈഡ്രോളജി സെക്ഷൻ, അടൂർ** | | |
| | **മെറ്റീരിയോളജിക്കൽ സ്റ്റേഷൻസ്** | | |
| 1 | ആര്യൻകാവ് | എസ്.ആർ.ജി & എ.ആർ.ജി | |
| 2 | അച്ചൻകോവിൽ | എസ്.ആർ.ജി & എ.ആർ.ജി | |
| 3 | ശൂരനാട് | എസ്.ആർ.ജി | |
| 4 | പത്തനംതിട്ട | എസ്.ആർ.ജി | |
| 5 | കോന്നി എസ്റ്റേറ്റ് | എസ്.ആർ.ജി & എ.ആർ.ജി | |
| | **ഹൈഡ്രോളജിക്കൽ സ്റ്റേഷൻസ്** | | |
| 6 | കോന്നി | എ.ഡബ്യൂ.എൽ.ആർ | |
| | ഒബ്സർവർ | | |
| | ഹെൽപ്പർ-1 | | |
| | ഹെൽപ്പർ-2 | | |
| | **ഹൈഡ്രോളജി സെക്ഷൻ, ആലപ്പുഴ** | | |
| | **മെറ്റീരിയോളജിക്കൽ സ്റ്റേഷൻസ്** | | |
| 1 | ചേർത്തല | എസ്.ആർ.ജി | |
| 2. | അരൂക്കുറ്റി | എസ്.ആർ.ജി | |

Office of the Asst Executive Engineer
Water Resources Dept.
Chengannur
Date. 5/2/2019
Hydrology Sub Division

Rajamani. k. k
ASSISTANT EXECUTIVE ENGINEER
HYDROLOGY SUB DIVISION
CHENGANNUR

സി.ജി.ഒ.സ്റ്റേഷൻസ്

| നം | സ്റ്റേഷന്റെ പേര് | എത് തരം ഗേജ് | റിമാർക്ക് |
|---|---|---|---|
| | **ഹൈഡ്രോളജി സെക്ഷൻ നം.1** | | |
| 1 | പന്തളം | ഡിസ്ചാർജ് | |
| 2 | ആറൻമുള | ഡിസ്ചാർജ് | |
| 3 | നാലുകെട്ടുകവല | ഡിസ്ചാർജ് | |
| 4 | ഇറപ്പുഴ | ഡിസ്ചാർജ് | |
| 5 | പള്ളിപ്പാടു | സീസണൽ | |
| 6 | തോട്ടപ്പള്ളി | സീസണൽ | |
| 7 | വീയപുരം | സീസണൽ | |
| 8 | തകഴി | സീസണൽ | |
| 9 | എടത്വ | സീസണൽ | |
| 10 | കരുമാടി | ടൈഡൽ | |
| | **ഹൈഡ്രോളജി സെക്ഷൻ നം.2** | | |
| 1 | കുരുടാമണ്ണിൽ (സ്റ്റേറ്റ് ഫണ്ട്) | ഡിസ്ചാർജ് | |
| 2 | പെരുംതേനരുവി | റെയിൻ ഗേജ് | |
| 3 | നീരേറ്റുപുറം | സീസണൽ | |
| 4 | കിടങ്ങറ | സീസണൽ | |
| | **ഹൈഡ്രോളജി സെക്ഷൻ, അടൂർ** | | |
| 1 | കല്ലേലി | ഡിസ്ചാർജ് | |
| 2 | അനയടി | ഡിസ്ചാർജ് | |
| 3 | പുനലൂർ | ഡിസ്ചാർജ് | |
| | **ഹൈഡ്രോളജി സെക്ഷൻ, ആലപ്പുഴ** | | |
| 1 | നെടുമുടി | ടൈഡൽ | |
| 2 | പള്ളാതുരുത്തി | ടൈഡൽ | |
| 3 | ആലപ്പുഴ ബോട്ട്ജെട്ടി | ടൈഡൽ | |
| 4 | പുന്നമട | ടൈഡൽ | |
| 5 | തണ്ണീർമുക്കം പബ്ലിക്ക്ജെട്ടി | ടൈഡൽ | |
| 6 | തണ്ണീർമുക്കം പ്രൊജക്ട് ജെട്ടി | ടൈഡൽ | |
| 7 | ത്രിനായകുടം | ടൈഡൽ | |
| 8 | പള്ളിപ്പുറത്തുശ്ശേരി | ടൈഡൽ | |
| 9 | വൈക്കം | ടൈഡൽ | |
| 10 | മക്കാകടവ് | ടൈഡൽ | |
| 11 | പാണാവള്ളി | ടൈഡൽ | |
| 12 | വടുതല | ടൈഡൽ | |
| 13 | ആരൂർ | ടൈഡൽ | |
| 14 | ചമ്പക്കുളം | സീസണൽ | |
| 15 | കാവാലം | സീസണൽ | |
| 16 | മാൻകൊമ്പ് | സീസണൽ | |

Office of the Asst: Executive Engineer
Water Resources Dept:
Chengannur
Date. 5/2/14
Hydrology Sub Division

Rajamani.k.k
ASSISTANT EXECUTIVE ENGINEER
HYDROLOGY SUB DIVISION
CHENGANNUR